**<u>തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Dr. Dinesan Cheruvat IAS)**

**വിഷയം :** തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനകാര്യം - സീനിയർ സെക്രട്ടറി / സെക്രട്ടറി LSGI തസ്തികയിൽ സ്ഥലംമാറ്റം -ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:**

1) സ.ഉ(കൈ) നം.46/2024/LSGD തീയതി. 16.03.2024
2) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2024 തീയതിയിലെ LSGD/PD/6478/2024-DED1-Part (1) നമ്പർ ഉത്തരവ്.
3) മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയ ശ്രീ.എം.മുഹമ്മദ്ആരിഫ് ഖാന്റെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ LSGD/PD/21951/2024-DEA3-Part(1) തീയതി: 13-09-2024</u>**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവ് പ്രകാരം മൂവാറ്റുപുഴ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയ ശ്രീ.എം.മുഹമ്മദ്ആരിഫ് ഖാനെ നിലവിലെ സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് PA to Secretary ആയി നിയമിച്ചുത്തരവായിരുന്നു. ടിയാന്റെ സങ്കടകരമായ ജീവിത സാഹചര്യവും, പ്രൊവിഷണൽ മുനിസിപ്പൽ സെക്രട്ടറിമാരുടേയും 27.10.2022-ൽ സർവ്വീസിലുള്ള ഗ്രേഡ് III മുനിസിപ്പൽ സെക്രട്ടറി തസ്തികകളിലേക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ് എന്നുള്ള മാനദണ്ഡം പരിഗണിച്ചും മധ്യകേരളത്തിലെ ഒരു നഗരസഭയിൽ സെക്രട്ടറിയായി സ്ഥലംമാറ്റം അനുവദിക്കുന്നതിന് ടിയാൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 1(ഇ) പരിഗണിച്ച് സോഫ്റ്റ് വെയറിൽ ഉണ്ടായ സാങ്കേതിക പിഴവുമൂലം ശ്രീ.എം.മുഹമ്മദ്ആരിഫ്ഖാന് തലശ്ശേരി മുനിസിപ്പാലിറ്റിയിലേക്ക് അനുവദിച്ച സ്ഥലംമാറ്റം റദ്ദ് ചെയ്തുകൊണ്ട് ടിയാനെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റം നൽകി മേൽ പരാമർശം (2) ഉത്തരവ് ദേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് പ്രാബല്യത്തിൽ വരുത്തി വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതാണ്.

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

പകർപ്പ്:

1. വ്യക്തിക്ക് ( ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാ
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
3. തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ എറണാകുളം, ആലപ്പുഴ, കണ്ണ
4. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിക്ക് (ജില്ലാ ജോയിന്റ്

മുഖാന്തിരം)

5. സൂപ്രണ്ട് DED സെക്ഷൻ, വിവരാവകാശ നിയമം 2005 പ്രകാരം വെബ് പ്രസിദ്ധീകരിയ്ക്കുന്നതിന്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി